82

വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

വിഷു ആശംസകൾ

15 APRIL 2025

ഇന്ത്യയിലെ ആദ്യ പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉദ്ഘാടനം ചെയ്തു

ഇന്ത്യയിലെ ആദ്യ പ്ലാന്റേഷൻ ഡയറക്ടറേറ്റ് തിരുവനന്തപുരത്ത് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. വികാസ് ഭവനിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഓഫീസിനോട് ചേർന്നാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ്. ചടങ്ങിനോടനുബന്ധിച്ച് ആദ്യത്തെ പ്ലാന്റേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗവും ചേർന്നു. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ തോട്ടം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് രാജ്യത്ത് ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിച്ച ആദ്യ സംസ്ഥാനം കേരളമാണ്. ഈ ഡയറക്ടറേറ്റിന്റെ പ്രവർത്തനം തോട്ടം മേഖലയിൽ ഉൽപാദനക്ഷമതയും ലാഭവും വർധിപ്പിക്കുന്നതിന് ഏറെ സഹായകമായിട്ടുണ്ട്.

കേരളത്തിലെ തോട്ടം മേഖലയുടെ നവീകരണത്തിനായി ഐ ഐ എം കാലിക്കറ്റിന്റെ പഠനശുപാർശകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കരട് നയവും സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയിലിരിക്കുകയാണെന്ന് ബഹു. മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. കേര പദ്ധതി പ്രകാരം കാപ്പി, ഏലം, റബ്ബർ മേഖലയ്ക്കായി 479 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒപ്പം തോട്ടം തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായ ലയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയിലേക്ക് എഴുപതിലധികം ഡിപിആറുകളും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ഉയരങ്ങളിലേക്ക്

24 പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ സഞ്ചിത പ്രവർത്തന ലാഭം ₹134.56 കോടി

സംസ്ഥാന വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നവയിൽ, ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം കഴിഞ്ഞ സാമ്പത്തിക വർഷം (2024 - 25) 18ൽ നിന്ന് 24 ആയി ഉയർന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത പ്രവർത്തനലാഭം 134.56 കോടി രൂപയായി വർധിക്കുകയും ചെയ്തു. തൊട്ടുമുൻപുള്ള സാമ്പത്തിക വർഷത്തെ 76.16 കോടി രൂപയുടെ നഷ്ടം മറികടന്നാണു ലാഭത്തിലെത്തിയത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം വാർഷിക വിറ്റു വരവിലും വർധനയുണ്ടായി. ₹4,419 കോടിയിൽ നിന്ന് ₹5,119.18 കോടിയായി വിറ്റുവരവ് വർധിച്ചു. 15.82 ശതമാനമാണ് വർധന. വ്യവസായ വകുപ്പിന് കീഴിലുള്ള 48 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തെക്കുറിച്ച് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

സ്വയംഭരണ സ്ഥാപനങ്ങളായ കിൻഫ്രയും കെ.എസ്.ഐ.ഡി. സിയും മികച്ച ലാഭം നേടി. കിൻഫ്ര 88.41 കോടി രൂപയുടെ വരുമാനവും 7.19 കോടി രൂപയുടെ ലാഭവും ഉണ്ടാക്കി. കെ.എസ്.ഐ.ഡി.സി വായ്പ/ഇക്വിറ്റി ഇനങ്ങളിലായി 456.49 കോടി രൂപ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകി. 61.81 കോടി രൂപയുടെ ലാഭവും നേടി.

ലാഭം നേടിയ പൊതുമേഖല സ്ഥാപനങ്ങൾ

കെൽട്രോൺ, ചവറ കെഎംഎംഎൽ, ടെൽക്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ്, കെഎസ്ഐഇ, കെൽട്രോൺ കംപോണന്റ്സ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർ ജിങ്സ്, കയർ കോർപറേഷൻ, ടിസിസി, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ്, സ്റ്റീൽ ഇൻഡസ്ട്രീസ്, ക്ലേയ്സ് ആൻഡ് സിറാമിക്സ്, കെഎസ്ഡിപി, ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപറേഷൻ, എഫ്ഐടി, കാഷ്യൂ ബോർഡ്, ഫോം മാറ്റിങ്സ്, മെറ്റൽ ഇൻഡസ്ട്രീസ്, കേരള സിറാമിക്സ്, ട്രിവാൻഡ്രം സ്പിന്നിങ് മിൽസ്, കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി എന്നീ സ്ഥാപനങ്ങളും ലാഭം നേടി

₹1000 കോടി ക്ലബ്ബിൽ കെൽട്രോൺ

ചരിത്രത്തിലെ ഏറ്റവും വലിയ വിറ്റു വരവ് നേടി സംസ്ഥാന വ്യവസായ വകുപ്പിനു കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ കെൽട്രോൺ. കെൽട്രോൺ കഴിഞ്ഞ സാമ്പത്തിക വർഷം (2024-25) 1056.94 കോടി രൂപയാണ് കെൽട്രോണിന്റെ ആകെ വിറ്റു വരവ്. സ്ഥാപനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിറ്റുവരവാണിത്. 2023-24 സാമ്പത്തിക വർഷം 643 കോടി രൂപയും 2021-22ൽ 521.71 കോടി രൂപയുമായിരുന്നു വിറ്റുവരവ്.

കൃത്യസമയത്തുള്ള ബിസിനസ് ചുവടുമാറ്റവും പ്ലാൻ ഫണ്ടുകളിലൂടെയും ബജറ്റിലൂടെയും സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക പിന്തുണയുമാണ് ചരിത്രനേട്ടത്തിന് വഴിയൊരുക്കിത്. പല പദ്ധതികളിലും ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ എന്ന നിലയിൽ കെൽട്രോണിനെ അംഗീകരിച്ചതും കമ്പനിയുടെ തിരിച്ചുവരവിനായി ജീവനക്കാർ നടത്തിയ കൂട്ടായ പരിശ്രമവും നേട്ടം രചിക്കാൻ സഹായിച്ചതായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നേട്ടത്തെ അഭിനന്ദിച്ചു പറഞ്ഞു.

ഡിഫൻസ് ഇലക്ട്രോണിക്സ് മേഖലയിലേക്കുള്ള ഉത്പന്നങ്ങൾ നിർമിച്ചുനൽകുന്നതിനുള്ള പദ്ധതി, ഐടി അനുബന്ധ ബിസിനസ്-സേവന മേഖലകളിലെ പ്രവർത്തനങ്ങൾ, സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്ന മേഖലകളിലെ പ്രവർത്തനങ്ങൾ, കൺട്രോൾ ആൻഡ് ഇൻസ്ട്രുമെന്റേഷൻ, ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ, ന്യൂക്ലിയർ പവർ പ്ലാന്റുകൾക്ക് വേണ്ടിയുള്ള പവർ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, സ്മാർട്ട് സിറ്റി പദ്ധതികൾ, സെക്യൂരിറ്റി സർവയലൻസ് പദ്ധതികൾ, മെഡിക്കൽ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ, ഹൈ മീഡിയം മാസ്റ്റ് ലൈറ്റ് പദ്ധതികൾ, ഐഎസ്ആർഒയ്ക്കു വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ വിറ്റുവരവ് വർധനയിൽ പ്രതിഫലിച്ചു.

സബ്സിഡിയറി കമ്പനികളായ കണ്ണൂരിലെ കെസിസിഎൽ (104.85 കോടി രൂപ), മലപ്പുറത്തെ കെഇസിഎൽ (38.07 കോടി രൂപ) എന്നിവ ഉൾപ്പെടെ കെൽട്രോൺ ഗ്രൂപ്പ് കമ്പനികൾ 1199.86 കോടി രൂപയുടെ വിറ്റുവരവും മെച്ചപ്പെട്ട പ്രവർത്തന ലാഭവുമാണ് ഇക്കാലയളവിൽ കൈവരിച്ചത്.

KELTRON®
A Government of Kerala Undertaking

ലാഭത്തേരിലേറി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിങ്സും

നഷ്ടത്തിന്റെ കാലം പിന്നിട്ട് പൊതുമേഖലാസ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിങ്സും ലാഭത്തിലേക്ക്. കോർപ്പറേഷനുണ്ടായിരുന്ന സഞ്ചിതനഷ്ടം ഘട്ടംഘട്ടമായി കുറച്ചാണ് ലാഭമുണ്ടാക്കാനായത്. 2023-24 വരെ ₹1.03 കോടിയായിരുന്നു നഷ്ടം. എന്നാൽ, കഴിഞ്ഞ സാമ്പത്തികവർഷം കോർപ്പറേഷന് ₹176 കോടിയുടെ വിറ്റുവരവുണ്ടായി. ഇതോടെ ₹1.13 കോടി രൂപയുടെ ലാഭമായി. വിദേശവ്യാപാരത്തിൽ മുൻവർഷത്തെക്കാൾ രണ്ടു കോടി രൂപയുടെ വർധനയാണുണ്ടായത്. വോൾമാർട്ടുമായി ധാരണയിലെത്തിയതോടെ ഓൺലൈനായുള്ള വ്യാപാരം കൂടി. ഇതിനൊപ്പം ഫ്രാൻസ്, നെതർലൻഡ്സ്, യുഎസ്എ, ബ്രസീൽ, യുകെ എന്നിവിടങ്ങളിലേക്കു കയറ്റുമതിക്കും സാധിച്ചു. പരമ്പരാഗത ഉത്പന്നങ്ങളുടെ സംഭരണവും വിതരണവും കൂടി. ഇതിന്റെ വിപണനം 91 കോടി രൂപയിൽ നിന്നു 110 കോടി രൂപയായി. ഒഡീഷയിലെ ഖനികളിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനു രണ്ടുകോടിയുടെ വ്യാപാരക്കരാറുണ്ടാക്കി. കൃത്യമായ ആസൂത്രണവും എല്ലാവിഭാഗങ്ങളിൽനിന്നുമുള്ള പിന്തുണയുമാണ് നേട്ടത്തിനു വഴിയൊരുക്കിയത്.

ഫോംമാറ്റിങ്സ് 2023-24 വർഷം ₹13.4 കോടിയുടെ വിറ്റുവരവും എട്ടുലക്ഷം രൂപയുടെ ലാഭവുമാണ് നേടിയിരുന്നത്. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം വിറ്റുവരവ് 16.5 കോടിയായി. ലാഭം 20 ലക്ഷത്തിലെത്തി. വിദേശവിപണിയിലേക്കു പ്രവേശിക്കാനുമായി. നിലച്ച മുഴുവൻ പ്ലാന്റുകളും പ്രവർത്തനസജ്ജമാക്കിയാതായി ചെയർപേഴ്സൺ ശ്രീമതി ആനി ജൂലാതോമസ് ഐ.എ.എസ് വ്യക്തമാക്കി.

ഭൗമ സൂചിക പദവി നേടി

കണ്ണാടിപ്പായയും തലനാടൻ ഗ്രാമ്പുവും

ഇടുക്കിയിലെ ഗോത്രക്കാരുടെ കണ്ണാടിപ്പായയ്ക്കും കോട്ടയം തലനാടും പരിസരത്തും കൃഷിചെയ്യുന്ന തലനാടൻ ഗ്രാമ്പുവിനും ഭൗമ സൂചിക പദവി ലഭിച്ചു. ഇടുക്കി, തൃശൂർ, പാലക്കാട്, എറണാകുളം ജില്ലകളിലെ ആദിവാസി ഗോത്രങ്ങളായ ഊരാൻ, മണ്ണാൻ, മുതുവാൻ, മലയൻ, കാടർ, ഇരുളർ വിഭാഗക്കാരാണ് കണ്ണാടിപ്പായ നെയ്തെടുക്കുന്നത്.

വനത്തിൽ നിന്നു ശേഖരിക്കുന്ന ഞഞ്ഞിൽ ഈറ്റ കൊണ്ടാണു കണ്ണാടിപ്പായ നെയ്യുന്നത്. കണ്ണാടി പോലെ തിളങ്ങുന്ന സങ്കീർണമായ ചതുരക്കള്ളികളാണ് അടിസ്ഥാന ഡിസൈൻ. ഒരു പായ നെയ്യാൻ ഒരുമാസംവരെ വേണം. 4000 രൂപ മുതൽ 40,000 രൂപവരെ വിലയുണ്ട്. ഇടുക്കി ജില്ലയിലെ ഉണർവ് പട്ടികവർഗ വിവിധോദ്ദേശ്യ സഹകരണ സംഘം (പലപ്ലാവ്), വനശ്രീ ബാംബൂ ക്രാഫ്റ്റ് ആൻഡ് വനവിഭവ ശേഖരണ യൂണിറ്റ് (ഉപ്പുകുന്ന്) എന്നിവർക്കുവേണ്ടി പീച്ചി വനഗവേഷണ സ്ഥാപന(കെ എഫ്ആർഐ)മാണ് പഠനം നടത്തിയത്. കോട്ടയം ജില്ലയിലെ തലനാടും പരിസരങ്ങളിലും കൃഷി ചെയ്യുന്ന തലനാടൻ ഗ്രാമ്പൂവിനും ഭൗമസൂചിക പദവി ലഭിച്ചു. തലനാട് പ്രദേശത്തെ പ്രത്യേക കാലാവസ്ഥയും മണ്ണും കൃഷിരീതികളുമാണ് ഗ്രാമ്പൂവിനെ വ്യത്യസ്തമാക്കുന്നത്. ഇവിടത്തെ ഗ്രാമ്പൂ സുഗന്ധം, രുചി, നിറം, ഔഷധഗുണം എന്നിവയിൽ വ്യത്യസ്തമാണ്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.